(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(1) നക്ഷത്രചിഹ്നമിട്ട ചോദ്യോത്തരങ്ങൾ

കൈത്തൊഴിലാളി, വിദഗ്ദ്ധ തൊഴിലാളി ക്ഷേമനിധി ബോർഡ്

*4 [93] ശ്രീ. ഉമേഷ് ചള്ളിയിൽ:

,, എ. എൻ. രാജൻ ബാബു:

,, കെ. കെ. ഷാജു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈത്തൊഴിലാളി, വിദഗ്ദ്ധ തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും 1998-ൽ പിരിഞ്ഞുപോയി, പുതുതായി നിലവിൽ വന്ന കേരളാ ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡിൽ ചേർന്ന തൊഴിലാളികൾക്ക് മുമ്പ് അടച്ചിട്ടുള്ള തുക ഇതുവരെ കൈമാറിയിട്ടില്ല എന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത തുക ലഭിക്കാത്തതുമൂലം പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ കിട്ടാതെ തൊഴിലാളികൾ ബുദ്ധിമുട്ടുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ പുതിയ ബോർഡിലേയ്ക്ക് ഈ തുക കൈമാറ്റം ചെയ്യാൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ):

(എ) ഈറ്റ, കാട്ടുവള്ളി, തഴത്തൊഴിലാളികൾക്കു വേണ്ടി ഒരു പ്രത്യേക പദ്ധതി 1998-ലാണ് നിലവിൽ വന്നത്. ഈ പദ്ധതി നിലവിൽ വരുന്നതിനു മുമ്പ് അർഹതപ്പെട്ട പല തൊഴിലാളികളും നേരത്തെയുണ്ടായിരുന്ന കൈത്തൊഴിലാളി, വിദഗ്ദ്ധ തൊഴിലാളി പദ്ധതിയിൽ അംഗത്വം എടുത്തിരുന്നു. ഇവരിൽ ചിലർ വീണ്ടും പുതിയ പദ്ധതിയിൽ ചേർന്നു. ബാക്കിയുള്ളവർ പഴയ പദ്ധതിയിൽ തുടരാൻ ആഗ്രഹം പ്രകടിപ്പിച്ചിരുന്നു. എന്നാൽ മുൻ പദ്ധതിയിൽ പ്രത്യേക കോഡ് നമ്പർ ഇല്ലാത്തതിനാൽ തുക വേർതിരിച്ച് ഒരുമിച്ച് നൽകാൻ കഴിഞ്ഞില്ല. ഇവർ നേരത്തെ അടച്ച തുക സംബന്ധിച്ച കണക്കുകൾ തിട്ടപ്പെടുത്തി ഉടൻ ഇത് പുതിയ പദ്ധതിയിലേയ്ക്ക് കൈമാറുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി ആന്റ് സി) പ്രസ്തുത തുക കൈമാറാത്തതുകാരണം പെൻഷൻ ആനുകൂല്യങ്ങളും മറ്റും ലഭിക്കുന്നില്ലെന്ന പരാതി സർക്കാരിന് ലഭിച്ചിട്ടില്ല. എന്നാൽ അംശാദായ അടവ് സംബന്ധിച്ച രേഖകൾ കൈത്തൊഴിലാളി ബോർഡിന്റെ ബന്ധപ്പെട്ട ആഫീസിൽ ഹാജരാക്കി പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നതിൽ കാലതാമസം ഉണ്ടാവുന്നുണ്ട്. ഇതൊഴിവാക്കാൻ ഈറ്റ, കാട്ടുവള്ളി ബോർഡിലെ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അതുപോലെ അംശാദായ അടവ് സംബന്ധിച്ച രേഖകൾ ലഭ്യമായാൽ കാലവിളംബം കൂടാതെ ആനുകൂല്യങ്ങൾ ലഭ്യമാക്കണമെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly